## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *371** 19.10.2016-ൽ മറുപടിയ്ക്ക്

### സ്കൂളുകളിൽ നിന്നും ആദിവാസി /പട്ടികജാതി വിഭാഗത്തിൽപെട്ട കുട്ടികളുടെ കൊഴിഞ്ഞുപോക്ക്

**ചോദ്യം**
ശ്രീ.എ.പി. അനിൽ കുമാർ
ശ്രീ.വി.പി.സജീന്ദ്രൻ
ശ്രീ.അടൂർ പ്രകാശ്
ശ്രീ.ഐ.സി.ബാലകൃഷ്ണൻ

**മറുപടി**
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | സ്കൂളുകളിൽ നിന്നും ആദിവാസി/ പട്ടികജാതി വിഭാഗത്തിൽപെട്ട കുട്ടികളുടെ കൊഴിഞ്ഞുപോക്കിന്റെ പ്രധാനകാരണങ്ങൾ എന്തൊക്കെയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | എ) | പരിശോധിച്ചിട്ടുണ്ട്. കുടുംബപ്രശ്നങ്ങൾ, രക്ഷിതാക്കളുടെ താല്പര്യമില്ലായ്മ, കോളനികളിലെ പ്രത്യേക സാമൂഹ്യ അന്തരീക്ഷം, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭാഷാപരവും സാമൂഹ്യപരവുമായ ഒറ്റപ്പെടൽ എന്നിവയാണ് പ്രധാനകാരണങ്ങൾ. പ്രധാനമായും ഇടുക്കി, വയനാട് ജില്ലകളിലാണ് വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് കൂടുതലായും കണ്ടു വരുന്നത്. കാപ്പിക്കുരു, കുരുമുളക് തുടങ്ങിയ കാർഷിക വിളകളുടെ വിളവെടുപ്പ് സമയത്ത് വിദ്യാർത്ഥികൾ രക്ഷിതാക്കളോടൊപ്പം വിളവെടുപ്പ് ജോലികളിൽ ഏർപ്പെടുന്നതിനാൽ ക്ലാസ്സുകളിൽ ഹാജരാകാത്ത സ്ഥിതിയാണുള്ളത്. |
| ബി) | ഈ അധ്യയനവർഷം പ്രസ്തുത വിഭാഗത്തിൽപെട്ട എത്ര കുട്ടികൾ 5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ | ബി) | ഈ അധ്യയന വർഷത്തെ കണക്കുകൾ ലഭ്യമായിട്ടില്ല. ലഭ്യമായ കണക്കുകൾ വച്ച് 2014-2015 അധ്യയന വർഷം പട്ടികജാതി |

| | | | |
|---|---|---|---|
| | വിദ്യാഭ്യാസം ഉപേക്ഷിച്ച എന്ന് കണ്ടെത്തിയിട്ടുണ്ടോ; | | വിഭാഗത്തിൽ 1590 കുട്ടികളും, പട്ടികവർഗ്ഗ വിഭാഗത്തിൽ 2385 കുട്ടികളും dropout ആയിട്ടുണ്ട്. |
| സി) | മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പുതിയതായി ആരംഭിക്കുവാൻ പദ്ധതിയുണ്ടോ ; | സി) | പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 19 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ നിലവിലുണ്ട്. തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചലിൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ സിലബസിലുള്ള ജി.കാർത്തികേയൻ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂളിന് പുതിയതായി കെട്ടിടം നിർമ്മിക്കുന്നതിനും, കണ്ണൂർ ജില്ലയിലെ ആറളത്ത് ഒന്നാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് പഠനം നടത്തുന്നതിനായി ഒരു മോഡൽ റസിഡൻഷ്യൽ സ്കൂളും പുതിയതായി ആരംഭിയ്ക്കുവാൻ പദ്ധതിയുണ്ട്. ടി പദ്ധതിയ്ക്കാവശ്യമായ 50 കോടി രൂപ KIIFB വഴി സ്വരൂപിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| ഡി) | മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ മികച്ച സൗകര്യങ്ങൾ ഒരുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ഈ വർഷം ബഡ്ജറ്റിൽ ഇതിനായി ഉൾക്കൊള്ളിച്ച തുക എത്രയാണെന്ന് അറിയിക്കുമോ? | ഡി) | മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ മികച്ച സൗകര്യങ്ങൾ ഒരുക്കുന്നതിനായി വിദ്യോദയം പദ്ധതി പ്രകാരം സ്കൂളുകളിലെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിവിധ സ്കൂളുകളിൽ കമ്പ്യൂട്ടർ ലാബുകൾ, സയൻസ് ലാബുകൾ, മൾട്ടിപർപ്പസ് സിന്തറ്റിക് കോർട്ടുകൾ, സ്മാർട്ട് ക്ലാസ്സ് റൂമുകൾ തുടങ്ങിയവ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ടി സ്കൂളുകളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികളുടെ പഠന നിലവാരം |

| | | | |
|---|---|---|---|
| | | | ഉയർത്തുന്നതിനും കലാ, കായിക ഇനങ്ങളിലുള്ള കഴിവുകളുടെ വികസനത്തിനും, വ്യക്തിത്വ വികസനം, പെൺകുട്ടികൾക്ക് സ്വയം രക്ഷാ പരിശീലനം, ഗ്രൂപ്പ് പ്രവർത്തികളായ എസ്.പി.സി, എൻ.എസ്.എസ് എന്നിവയും വിദ്യാർത്ഥികളുടെ ആരോഗ്യ സംരക്ഷണത്തിനും, പഠനയാത്രയ്ക്കുമുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം 34,81,00,000/-രൂപ (മുപ്പത്തി നാല് കോടി എൺപത്തിയൊന്ന് ലക്ഷം രൂപ മാത്രം) ഇതിനായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ